(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.6/1644/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in
Phone: 04952371012

തീയതി : 17-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവിലുംപാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവിലുംപാറ ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -

സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2016 - 17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികയിലേക്കും ഭാഗം 3-ലെ ഖണ്ഡികയിലേക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.6/1644/2017 തീയ്യതി 17-08-2017

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2016 – 17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2016 – 17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 16.12.2016 മുതൽ 31.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ .......... എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജൻ .സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31.07.2017 മുതൽ 08.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കരുണാകരൻ | അസി. ഓഡിറ്റ് ഓഫീസർ . |
| | ഷാജു തോമസ് . | അസി.ഓഡിറ്റ് ഓഫീസർ. |
| | അനൂപ് . കെ വി | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അന്നമ്മ ജോർജ്ജ് | 01.04.2016 – 31.03.2017 |
| സെക്രട്ടറി | ടി. അബ്ദുൾ നാസർ | 01.04.2016 – 01.08.2016 |
| | ഉദയഭാനു | 02.08.2016 – 21.09.2016 |
| | ജെ ഡി.ബാബു | 22.09.2016 – 30.12.2016 |
| | രാജശ്രീ. സി എച്ച് | 31.12.2016 – 31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| | | |
|---|---|---|
| അസി.സെക്രട്ടറി. | ഉദയഭാനു | 01.04.2016 – 20.09.2016 |
| | സന്തോഷ്. എസ് ആർ | 04.01.2017 – 31.03.2017 |
| കൃഷി ഓഫീസർ. | ഷാദിയ | 01.04.2016 – 31.03.2017 |
| വെറ്റിനറി സർജൻ. | ഡോ. കെ ജെ വർഗ്ഗീസ് | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ. (പി.എച്ച്.സി) | ഡോ. ഡെയ്സി ഗൗർ | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റീത. പി | 01.04.2016 – 31.03.2017 |
| അസി.എഞ്ചിനീയർ. | അസി.എഞ്ചിനീയറുടെ അഭാവത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തി | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഫിലോമിന. എൻ ജെ | 01.04.2016 – 31.03.2017 |
| വി.ഇ.ഒ | പ്രദീഷ്. പി കെ | 01.04.2016 – 31.03.2017 |
| ഹെഡ് മാസ്റ്റർ. | ലീല. സി | 01.04.2016 – 31.03.2017 |
| ഡയറിഫാം ഇൻസ്ട്രക്ടർ | മുഹമ്മദ് നവാസ് | 01.04.2016 – 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | വസ്തു നികുതി നിർണ്ണയം- പൊതുവായ അപാകതകൾ | 2-2 |
| 13 | ഡി ആൻറ് ഒ ലൈസൻസ് നൽകുന്നതിലെ അപാകതകൾ | 2-3 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-4 |
| 15 | പരസ്യ നികുതി ചുമത്തുന്നില്ല. | 2-5 |
| | ഭാഗം- 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | ഫണ്ട് വിനിയോഗം – നിർവ്വഹണത്തിലെ വീഴ്ച- പദ്ധതിപ്പണം നഷ്ടപ്പെടുന്നു. | 3-1 |
| 17 | ആയുർവേദ ഡിസ്‌പെൻസറിക്ക് മരുന്ന വാങ്ങൽ – ഔഷധിയിൽ അടവാക്കിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭ്യമായില്ല. | 3-2 |
| 18 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കിയില്ല. | 3-3 |
| 19 | വീട് പുനരുദ്ധാരണം- ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയില്ല. | 3-4 |
| 20 | ലൈബ്രറി സെസ്സ് യഥാസമയം അടയ്ക്കുന്നില്ല. | 3-5 |
| 21 | അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് ഫയലുകൾ സൂക്ഷിപ്പിലെ അപാകതകൾ | 3-6 |
| 22 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കപ്പെടുന്നില്ല. | 3-7 |

| | | |
|---|---|---|
| 23 | ഹോമിയോ ഡിസ്‌പെൻസറിക്ക് മരുന്ന് വാങ്ങൽ – അടവാക്കിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല. | 3-8 |
| 24 | ഐ.എ.വൈ. വിഹിതം (എസ്.സി.പി.) കൈപ്പറ്റ് രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. | 3-9 |
| 25 | ഒരേ വാഹനം ഒരേ സമയത്ത് വ്യത്യസ്ത ഓട്ടം നടത്തി- 6960/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-10 |
| 26 | കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യ പത്രവും ഇല്ല- 365915/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. | 3-11 |
| 27 | വാഹനം- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-12 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി- അടവാക്കിയ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. | 3-13 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നൂറ് തൊഴിൽ ദിനങ്ങൾ ലഭ്യമായ കുടുംബങ്ങൾ നാമമാത്രം | 3-14 |
| 30 | ആശ്രയ പ്രോജക്ട് – ചലഞ്ച് ഫണ്ട് വിനിയോഗിക്കാത്തതും മറ്റ് അപാകതകളും | 3-15 |
| 31 | കൊടും വേനലിൽ തൈകളും വളങ്ങളും വിതരണം ചെയ്തു. | 3-16 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 02.03.16 തിയതിയിലെ 01/16 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 21.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 7-08-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14428995 |
| വരവ് | 44959273 |
| ആകെ | 59388268 |
| ചെലവ് | 36931567 |
| നീക്കിയിരിപ്പ് | 22456701 |

## 1-5 ഫണ്ട് വിനിയോഗം(എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18509149 | 18509149 | 13033032 | 5476117 | 70% |
| വികസനഫണ്ട് എസ്.സി.പി. | 0 | 646245 | 646245 | 337500 | 308745 | 52% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 635358 | 635358 | 524500 | 110858 | 82% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8884377 | 8884377 | 3588589 | 5295788 | 40% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4871652 | 4871652 | 2006630 | 2865022 | 41% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8652495 | 8652495 | 1405468 | 7247027 | 16% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4033943 | 4033943 | 664712 | 3369231 | 16% |
| എം.എൻ.ആർ. ഇ.ജി.എസ്. | 4619 | 28411795 | 28416414 | 28387098 | 29316 | 99% |
| ബി ഫണ്ട് | 0 | 30769850 | 30769850 | 30769850 | 0 | 100% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | (എണ്ണം) | (എണ്ണം) | ശതമാനം |
| 150 | 101460745 | 63 | 22801500 | 14 | 73 | 42% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3474563 | 5222539 | 1747976 | (+)50.30 |
| നികുതിയേതര വരവുകൾ | 1008741 | 552909 | -455832 | (-)45.18 |
| മറ്റുവരവുകൾ | 656372 | 121257 | -535115 | (-)81.52 |
| ആകെ | 5139676 | 5896705 | 757029 | (+)14.72 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 270960 | 172 |
| കർഷകതൊഴിലാളി പെൻഷൻ | 6199840 | 595 |
| വിധവാപെൻഷൻ | 103147880 | 218 |
| വാർദ്ധക്യകാലപെൻഷൻ | 11270465 | 815 |
| വികലാംഗപെൻഷൻ | 2483015 | 860 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 170790 | 16 |
| വിവാഹ ധനസഹായം | 60000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.08.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2138/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.17- 20.06.17 | 05/2017 | റിപ്പോർട്ട് ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.09- 05.01.10 | 2004-05 – 2008-09 | LBA (HQ) III/8A-1533/604 10.02.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 പൂരകപോഷകാഹാരമിനത്തിൽ C.D.P.Oമുഖേന 29-3-17ൽ വരവുവന്ന 48893 രൂപ ബന്ധപ്പെട്ട ഹെഡിൽ വരവുപിടിക്കാതെR.P 31 ൽ തന്നെ മറ്റ് വരവിനങ്ങളിവാണ് വരവുപിടി ച്ചിരിക്കുന്നത്. (3200300199)

2 ബാലൻഷീറ്റ് ഷെഡ്യൾഡ് B4പ്രകാരം ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനത്തിൽ(320700304) പ്രകാരം ബാധ്യതയായി കാണിച്ചിരിക്കുന്ന 1021142 രൂപയുടെ ആധികാരികത പഞ്ചായത്തിൽ ലഭ്യമല്ല.വർഷങ്ങൾക്ക് മുമ്പ് ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന മേൽ തുക നാളിതുവരെ തിരിച്ചടവാക്കിയിട്ടില്ല.

3 വസ്തുനികുതി വാർഷിക കണക്ക പ്രകാരമുള്ള ഡിമാന്റ്, കലക്ഷൻ, ബാലൻല് തുക (തൻവർഷം/കുടിശ്ശിക) പഞ്ചായത്തിൽ സൂക്ഷിച്ച വസ്തുനികുതി സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല.

4. നാളിതുവരെയുള്ള എല്ലാ ആസ്തികളുടെയും മൂല്യം ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടില്ല.

## 2-2 വസ്തു നികുതി നിർണ്ണയം : പൊതുവായ അപാകതകൾ

1) വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ

വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന വീടിന്റെ വസ്തു നികുതി

ഒഴിവാക്കിയത് സംബന്ധിച്ച് 02.07.2013 ലെ ജി ഒ (എം എസ്) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വെള്ളക്കടലാസിൽ അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. എന്നാൽ 2016-17 ൽ അനുവദിച്ച അപേക്ഷകളിൽ മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

2) 660 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 ൽ മേൽ സൂചിപ്പിച്ച പ്രകാരം അപേക്ഷകർ സമർപ്പിച്ച സത്യവാങ്മൂലം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്ടിലെ 207ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു പോരേണ്ടതാണ്.

2) മേൽ ചട്ടങ്ങൾ 21(3) പ്രകാരം,ഒഴിവായികിടക്കുന്ന കെട്ടിടത്തിന് അനുവദിക്കുന്ന ഏതൊരു ഇളവും ഫോറം 11ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3) സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

4) മേൽ ചട്ടങ്ങൾ 20 (1) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല.

സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2) , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-3 ഡി ആന്റ് ഒ ലൈസൻസ് നല്കുന്നതിലെ അപാകതകൾ

1) വാർഡ് തല ട്രേഡേർസ് ലിസ്റ്റില്ല

2016-17 ൽ 450 സ്ഥാപനങ്ങൾക്കാണ് കച്ചവടങ്ങൾക്കും വ്യാപാരങ്ങൾക്കും വേണ്ടി ലൈസൻസ്

അനുവദിച്ചിരിക്കുന്നത്. പഞ്ചായത്തിൽ നിലവിൽ വാർഡ് തലത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല . വാർഡ് തലത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയില്ല .

2 )ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ

ഡി ആൻറ് ഒ ലൈസൻസിനുള്ള ഭൂരിപക്ഷം അപേക്ഷകളിലും അപേക്ഷകർ, വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം, മുൻവർഷത്തെ ലൈസൻസ് നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. എന്നിട്ടും മേൽപ്പറഞ്ഞവയൊന്നും പരിഗണിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-4 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1)ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ് (ട്രേഡേഴ്സ്)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2016-17 ലെ തൊഴിൽനികുതി പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുഴുവൻ വിവരങ്ങളും ചേർത്ത് വാർഡ് തലത്തിൽ രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്.

2) തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 50 സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വർഷത്തെ തൊഴിൽനികുതിസ്ഥാപനരജിസ്റ്റർ കാലികമാക്കാത്തതിനാൽ ആയതിൽ 45 സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 പരസ്യ നികുതി ചുമത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209(ബി,സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങളിൽ നിന്ന് പരസ്യ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് കരട് ബൈലോ തയ്യാറാക്കി പഞ്ചായത്തു ഡയറക്ടറുടെ അംഗീകാരത്തോടെ പരസ്യ നികുതി പിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ നാളിതുവരെയായി സ്വീകരിച്ചിട്ടില്ല.

അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗം- നിർവഹണത്തിലെ വീഴ്ച- പദ്ധതിപണം നഷ്ടപ്പെടുന്നു

ഗ്രാമപഞ്ചായത്തിൽലഭ്യമായ രേഖകൾപ്രകാരം പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വിവിധ ഫണ്ടുകളുടെ ലഭ്യത വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെകൊടുക്കുന്നു.

| ഫണ്ട് ഇനം | ബജറ്റ്അലോട്ട് മെന്റ് | തൻവർഷ അലോട്ട്മന്റ് പ്രകാരംവരവ് | ചെലവ് | ചെലവ് ശതമാനം | സഞ്ചിതനിധിയിലേക്ക് തിരികെ പോയതുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 18509149 | 13033032 | 13033032 | 70.41 | 5476117 |
| വികസനഫണ്ട് S. C.P | 646245 | 337500 | 337500 | 52.22 | 308745 |
| വികസനഫണ്ട് T.S.P | 635358 | 524500 | 524500 | 82.55 | 110858 |
| ലോക ബാങ്ക് സഹായം | 5462648 | 664712 | 664712 | 12.14 | 4797936 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 8884377 | 3588589 | 3588589 | 40.39 | 5295788 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 4871652 | 2006630 | 2006630 | 41.19 | 2865022 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8652495 | 1405468 | 1405468 | 16.24 | 7247027 |
| ആകെ | 47661924 | 21560431 | 21560431 | | 26101493 |

മേൽഫണ്ടുകൾ ഉൾപ്പെടെ വിവിധ ഫണ്ടിനങ്ങളിലായി 101460745രൂപവകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കിയതിൽ 22801500 രൂപ മാത്രമേ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ.

വകയിരുത്തിയ തുകയുടെ 22.47% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.(പഞ്ചായത്തിൽ ലഭ്യമായ ചെലവു പത്രിക പ്രകാരം)

മേൽ ഖണ്ഡികയിൽ പ്രതിപാദിച്ച ഫണ്ടിനങ്ങളിൽ മൊത്തം 47661924 രൂപ ലഭ്യമായതിൽ 26101493 രൂപചെലവഴിക്കാതെ സഞ്ചിതനിധിയിലേക്ക് തിരികെപോയിട്ടുണ്ട്. (ലഭ്യമായതുകയുടെ 54.75%)പ്രധാന ഫണ്ടിനങ്ങളിൽ ലഭ്യമായതുകയിൽ ഭൂരിഭാഗവും ചെലവഴിക്കാതെ സഞ്ചിതനിധിയിലേക്ക് തന്നെ തിരികെപോയിരിക്കയാണ്. തിരികെപോയ ഫണ്ടുകളിൽ നിന്നും നാളിതുവരെ ചെലവൊന്നും നടന്നതായി കാണുന്നില്ല. ഫലത്തിൽ പദ്ധതിപണത്തിൽ ലഭ്യമായതുകയിൽ പാതിതുകപോലും സാമ്പത്തിക വർഷം ചെലവഴിക്കപ്പെട്ടിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ഗ്രാന്റ്, സംരക്ഷണഗ്രാന്റ് ഇനങ്ങളിലാണ് ചെലവ് ശതമാനം വളരെ കുറഞ്ഞിരിക്കുന്നത്. വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ സാമ്പത്തിക വർഷത്തെ വിഭാവനം ചെയ്ത പദ്ധതികളുടെഎണ്ണം നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം മുതലായ വിവരങ്ങൾ താഴെകൊടുക്കുന്നു

| നിർവഹണ ഉദ്യോഗസ്ഥന്റെപേര് | വിഭാവനം ചെയ്തപ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 1896930 | 1248317 |
| വെറ്ററിനറി സർജൻ | 4 | 4 | 3250000 | 1265024 |
| മെഡിക്കൽ ഓഫീസർ P.H.C | 5 | 4 | 924823 | 570170 |
| മെഡിക്കൽ ഓഫീ സർ ഹോമിയോ | 1 | 1 | 50000 | 50000 |
| വി . ഇ .ഒ | 5 | 5 | 38054450 | 3835000 |
| I.C.D.S സൂപ്പർ വൈസർ | 5 | 5 | 4572600 | 3976439 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1200000 | 300000 | |
| സെക്രട്ടറി | 16 | 10 | 5570136 | 2017071 | |
| അസി . എൻജിനിയർ | 93 | 31 | 42831706 | 6937485 | |
| ഹെഡ്മാസ്റ്റർ | 5 | 3 | 1895100 | 1720494 | |
| അസി. സക്രട്ടറി | 9 | 8 | 1215000 | 881500 | |
| ആകെ | 150 | 77 | | | |

അസി. എഞ്ചിനീയർ, സെക്രട്ടറി എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ വിഭാവനം ചെയ്ത പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വി.ഇ.ഒ നിർവഹണം നടത്തിയ ഭവന നിർമ്മാണം പൊതുവിഭാഗം പ്രൊജക്ടിൽ മറ്റുള്ളവ ഇനത്തിൽ 3 കോടി 38 ലക്ഷത്തിൽപരം രൂപ വകയിരുത്തിയതിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ചെലവുശതമാനത്തിൽ വൻ കുറവ് ഉണ്ടായിട്ടുണ്ട്.അസി.എഞ്ചിനീയർ നിർവഹണത്തിനായി വിഭാവനം ചെയ്തപ്രോജക്ടുകളിൽ മൂന്നിൽ ഒരുഭാഗം മാത്രമാണ് നടപ്പിലാക്കിയത്. ഇക്കാരണത്താൽ പദ്ധതിപ്പണവിനിയോഗത്തിൽ വൻ കുറവ് സംഭവിക്കുകയും വൻതുക സഞ്ചിതനിധിയിലേക്ക് മാറ്റപ്പെടുകയും ചെയ്തു.

മുൻവർഷങ്ങളിൽ ചെലവു കുറഞ്ഞതിനാൽ തൻവർഷ ബജറ്റ്അലോട്ട്മെന്റിൽ കുറവുണ്ടായിട്ടില്ല. ലോക ബാങ്ക് അധിക സഹായമിനത്തിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്ത് എന്നനിലയിൽ സാമ്പത്തിക വർഷത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. സാമ്പത്തിക വർഷത്തിൽ നഗറ്റീവ് ലിസ്റ്റിൽ പെട്ട പ്രവർത്തികളൊന്നും നടപ്പിലാക്കിയതായി കാണുന്നില്ല.

## 3-2 ആയുർവേദ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ -ഔഷധിയിൽ അടവാക്കിയ തുകക്ക് പൂർണമായും മരുന്നു ലഭ്യമായില്ല.

പ്രോജക്ട് നമ്പർ - 92/17

നിർവഹണം സെക്രട്ടറി

വകയിരുത്തിയ തുക - 400000(M.G.N.R)

ചെലവഴിച്ച തുക 400000(ബിൽ നമ്പർ 14/16-17dt 9.3.17)

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 4 ലക്ഷം രൂപ ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങിക്കുന്നതിനായി ഔഷധിയിൽ അടവാക്കിയിട്ടുണ്ട്.തുക മുൻ കൂറായി കൈമാറുമ്പോൾ സർക്കുലർ നമ്പർ 5398/ഡി.പി1/2006 ത സ്വ ഭ.വ.dt 27.3.2006ൽ നിഷ്കർഷിച്ച പ്രകാരം ഔഷധിയുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടതായി കാണുന്നില്ല.മെഡിക്കൽ ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 260725 രൂപയുടെ മരുന്നുകൾ മാത്രമെ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളു. 139275 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും മരുന്നുകൾലഭ്യമാക്കാൻ നടപടികൾ കൈകൊള്ളേണ്ടതുമാണ്

## 3-3 സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കിയില്ല.

2016-17 സാമ്പത്തിക വർഷത്തിൽ സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുംതാഴെപ്പറയും പ്രകാരമുള്ളതുകകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്.ലഭ്യമായ തുകകളിൽ ആയത് പൂർണമായുംവിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന തുകകളുടെ വിശദ വിവരം താഴെക്കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | വിനിയോഗിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | പാലുത്പാദക ഇൻസന്റീവ് | 100000 | 35110 | 64890 |
| കോഴിക്കോട് ജില്ലാപഞ്ചായത്ത് | ക്ഷീര ഗ്രാമം പദ്ധതി | 200000 | 100000 | 100000 |
| ആകെ | | | | 164890 |

സംയുക്ത പ്രൊജക്ടുകൾക്കായി സാമ്പത്തിക വർഷത്തിൽലഭിച്ച തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തിരികെ അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വീട് പുനരുദ്ധാരണം-ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തികരിച്ച് അവസാന ഗഡു കൈപറ്റിയില്ല

പ്രൊജക്ട് നമ്പർ ,പേര് 19/17(വീട് പുനരുദ്ധാരണം പട്ടിക വർഗം) 90000

18/16-17(വീട് പുനരുദ്ധാരണം പട്ടികജാതി) 100000

ചെലവുതുക 45000(ബിൽ നമ്പർ6/16-17തി 28.3.13

37500(ബിൽനമ്പർ 3,4,5 തി28.3.17 -12500രൂപ വീതം

മേൽ പ്രൊജക്ടുകൾ പ്രകാരം വീട് പനരുദ്ധാരണത്തിന് പട്ടികവർഗ വിഭാഗത്തിൽപെട്ട 3പേർക്ക് 15000രൂപവീതവും പട്ടികജാതിയിൽപെട്ട 3 പേർക്ക് 12500 രൂപവീതവും ആദ്യഗഡുവായി നൽകിയിട്ടുണ്ട്.ആയതിന്റെ വിശദ വിവരം താഴെ ക്കൊടുക്കുന്നു

| വീട് പുനരുദ്ധാരണം പട്ടികവർഗം | കൈപറ്റിയതുക |
|---|---|
| ദേവി വലിയ പറമ്പത്ത് | 15000 |
| വളയൻ വലിയ പറമ്പത്ത് | 15000 |
| കണാരൻ വലിയപറമ്പത്ത് | 15000 |

വീട് പുനരുദ്ധാരണം പട്ടികജാതി

| | |
|---|---|
| ലീല സി.കെ | 12500 |
| ദേവി ടികെ | 12500 |
| കല്യാണി വലിയപറമ്പത്ത് | 12500 |

മേൽ ഗുണഭോക്താക്കൾ നാളിതുവരെ പ്രവർത്തി പൂർത്തികരിച്ച് അവസാന ഗഡു കൈപറ്റിയതായി കാണുന്നില്ല.പ്രവർത്തി പൂർത്തികരിക്കാത്തപക്ഷം ആദ്യഗഡുവായി നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾകൈകൊള്ളേണ്ടതാണ്. ചെലവുതുക 82500രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 ലൈബ്രറി സെസ്സ് യഥാസമയം അടയ്ക്കുന്നില്ല.

2000 ലെ കേരള അധികാര വികേന്ദ്രികരണ നിയമം 35(8) (3) വകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ്അർദ്ധവർഷം കഴിഞ്ഞ് മൂന്ന് മാസത്തിനകം ലൈബ്രറി കൗൺസിലിൽ അടയ്ക്കാത്ത പക്ഷം 2% പിഴ പലിശ സഹിതം അടയ്ക്കേണ്ടതാണ്. 20.09.15 ലെ 10088/സി 3/05/എൽ എസ് ജി ഡി നം. കത്ത് പ്രകാരം പഞ്ചായത്ത് ഒരു വർഷം ലൈബ്രറി സൈസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ഏപ്രിൽ 30,നവംബർ 30 എന്നീ തിയ്യതികൾക്കുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടക്കേണ്ടതാണ്. 2016-17 ലെ വാർഷിക കണക്കുകൾ പ്രകാരം 258232 രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ അടയ്ക്കാൻ ബാക്കിയുണ്ട്. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2014.15മുതൽ 2015-16ഒന്നാം അർദ്ധ വർഷം വരെപിരിച്ചെടുത്ത 129808-രൂപ പിഴ അടയ്ക്കാതെ 28.03.2016 ന് ലൈബ്രറി കൗൺസിലിന്

അയച്ച കൊടുത്തതായി കാണുന്നു. 2015-16 രണ്ടാംഅർദ്ധവർഷം ,2016-17 വർഷങ്ങളിൽ പിരിച്ചെടുത്ത ലൈബ്രറിസെസ്സ് യഥാസമയം അടയ്ക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-6 അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ട് ഫയലുകൾ സൂക്ഷിപ്പിലെ അപാകതകൾ

2016-17സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയൽ സൂക്ഷി 2പ്പിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 പ്രൊജക്ടുകളുമായി ബന്ധപ്പെട്ട പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2 പ്രവർത്തി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് കമ്മറ്റിറിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല

3 കരാറുകാരിൽ നിന്നും കോമ്പൗണ്ടിംഗ് നിരക്കിലാണ് വാറ്റ് ഈടാക്കിയിരിക്കുന്നത്.എന്നാൽ കരാറുകാർ വാറ്റ് കോമ്പൗണ്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4 ചെലവുവിവരങ്ങൾ കാഷ് ബുക്ക് ,വർക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

5 പ്രവർത്തിക്ക് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കപ്പെടുന്നില്ല

2016-17സാമ്പത്തികവർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 4 സ്പിൽ ഓവർ കുടിവെള്ളപദ്ധതികൾഉൾപ്പെടെ ആകെ 10 കുടിവെള്ള പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.ആയതിൽ പുതുതായി ആരംഭിച്ച 6 കുടിവെള്ള പദ്ധതികൾ ഉൾപ്പെടുന്നു. പുതുതായി തുകവകയിരുത്തിയ പദ്ധതികളിൽ 2 എണ്ണം മാത്രമെ സാമ്പത്തികവർഷത്തിൽ പ്രവർത്തി ആരംഭിച്ചിട്ടുള്ളൂ. മുൻവർഷങ്ങളിൽ ആരംഭിച്ച് നാളിതുവരെ പൂർത്തീകരിക്കപ്പെടാത്ത കുടിവെള്ള പദ്ധതികളു ടെ വിശദ വിവരം താഴെക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ആരംഭിച്ച വർഷം | നിലവിലെ അവസ്ഥ |
|---|---|---|---|
| സംഗമം നഗർ കുടിവെള്ള പദ്ധതി | 466674 | 2015-16 | കിണർ നിർമ്മാണം പൂർത്തിയായി. |
| നാഗപ്പാറ കുടിവെള്ള പദ്ധതി | 299858 | 2014-15 | കടത്തൽ കുന്ന് എന്നസ്ഥലത്ത്നിലവിലുള്ള കിണറ്റിൽ നിന്നുംനാഗപ്പാറ എന്നസ്ഥലത്ത് നിർമ്മിക്കുന്ന ടാങ്കിലേക്കുംഉണഭോക്താക്കളുടെ വീട്ടിലേക്കും പൈപ്പിടൽ പൂർത്തിയായി.മറ്റ് പ്രവർത്തികൾ പൂർത്തിയായിട്ടില്ല. |
| ബെൽ മൗണ്ട് കുടിവെള്ള പദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | പ്രവർത്തിക്ക് സാമ്പത്തികവർഷത്തിൽ63392രൂപ വകയിരുത്തിയതിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സാമ്പത്തികവർഷത്തിൽ ആരംഭിച്ച കുടിവെള്ള പദ്ധതികൾ ഉൾപ്പെടെ മുഴുവൻ പദ്ധതികളും പൂർത്തീ കരിച്ച് പ്രവർത്തന ക്ഷമമാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 3-8 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുവാങ്ങൽ -അടവാക്കിയ മുഴുവൻതുകയ്ക്കും മരുന്ന് ലഭ്യമായില്ല.

പ്രോജക്റ്റ്നമ്പർ- 22/17

നിർവഹണം- മെഡിക്കൽ ഓഫീസർ

വകയിരുത്തിയതുക - 50000(M.G.N.R)

ചെലവുതുക- 50000(ബിൽനമ്പർ 3/16-17dt13/1/17)

ഹോമിയോമെഡിക്കൽഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങിക്കുന്നതിനായി 5000 രൂപ പിൻവലിച്ച് മാനേജിംഗ് ഡയരക്ടർ കേരളാസ്റ്റേറ്റ് കോ-ഓപ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം 33100 രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. മരുന്നുകൾ ലഭ്യമാക്കാൻ സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-9 I.A.Y.വിഹിതം (S.C.P) കൈപറ്റ് രശീതി വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നമ്പർ 150/17

നിർവഹണം അസി.സെക്രട്ടറി

വകയിരുത്തിയ തുക 150000

ചെലവുതുക 137445(ബിൽ നമ്പർ2/16-17dt18.3.17)

12555(ബിൽ നമ്പർ10/16-17dt31.3.17)

മേൽ ബില്ലുകൾ പ്രകാരം 150000 രൂപ I.A.Y.S.C.P.വിഹിതമിനത്തിൽ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. മേൽ തുകയുടെ കൈപറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരീക്കിയിട്ടില്ല.ആയത് പശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-10 ഒരേ വാഹനം ഒരേ സമയത്ത് വ്യത്യസ്ഥ ഓട്ടം നടത്തി . 6960 രൂപയുടെ ചെലവ് നിരാകരിക്കുന്നു

ബിൽ നം. 2/16-17/29.11.2016 – 28120/-

ബിൽ നം 3/16-17/31.01.2017 – 19960/-

ബിൽ നം. 6/16-17/25.03.2017 – 21980/-

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം (പ്രോ.നം 39/17), രോഗപ്രതിരോധകുത്തിവയ്പ്പ് ശാക്തീകരണം (പ്രോ.നം 40/17) ,എന്നീ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരവധി ദിവസങ്ങളിൽ വാഹനം വാടകയ്ക്ക് എടുത്തതിൻെറ ട്രിപ്പ് ഷീറ്റ് ചെലവ് രേഖയായി ഹാജരാക്കിയിട്ടുണ്ട്. കെ എൽ 11 കെ 2284 നമ്പർ ജീപ്പ് താഴെ ചേർക്കുന്ന 9ദിവസങ്ങളിൽ ഒരേ സമയത്ത് രണ്ടു പദ്ധതികളുമായി ബന്ധപ്പെട്ട് ട്രിപ്പ് നടത്തിയതിന് രണ്ടുപദ്ധതികളിൽ നിന്നും തുക അനുവദിച്ചതായിക്കാണുന്നു. രണ്ടുപദ്ധതികളിലും രാവിലെ 9 മണി മുതൽ ഓട്ടം തുടങ്ങുന്നതായും 2 മുതൽ 4 മണിക്കൂർവരെ കാത്തുകിടക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് പരിചരണത്തിന് ശരാശരി 87 കിലോമീറ്ററും പ്രതിരോധ കുത്തിവയ്പ്പിനായി ശരാശരി 56 കിലോമീറ്ററും ഓരോ ട്രിപ്പിലും ഓടുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇരട്ട ടിപ്പ് കാണിച്ച തിയതി | പാലിയേറ്റീവ് പരിചരണത്തിന് ഓടിയ ദൂരം | നൽകിയ വാടക | പ്രതിരോധകുത്തിവയ്പ്പിന് ഓടിയ ദൂരം | നൽകിയ വാടക |
|---|---|---|---|---|---|
| 1 | 26-5-2016 | 91.6 കി.മി. | 1200 | 56 കി.മി. | 880 |
| 2 | 15-6-2016 | 87.6 കി. മി. | 1200 | 52 കി.മി. | 820 |
| 3 | 6-7-2016 | 87.6 കി. മി. | 1200 | 52 കി.മി. | 820 |
| 4 | 28-7-2016 | 87.5 കി.മി. | 1200 | 57 കി.മി. | 820 |
| 5 | 3-8-2016 | 64 കി.മി. | 910 | 52 കി.മി. | 820 |
| 6 | 30-8-2016 | 87.5 കി.മി. | 1190 | 16 കി.മി. | 210 |
| 7 | 7-2-2017 | 91.6 കി.മി. | 1200 | 56 കി.മി. | 860 |
| 8 | 21-3-2017 | 86.6 കി.മി. | 1190 | 56.6 കി.മി. | 880 |
| 9 | 23-3-2017 | 84 കി.മി | 1190 | 55 കി.മി. | 850 |
| ആകെ | | | 10480 | | 6960 |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല

ഒരുവാഹനത്തിന് ഒരേ സമയം വ്യത്യസ്ത റൂട്ടിൽ വാടകയ്ക്ക്പോകാൻ കഴിയില്ല. അതിനാൽ കുത്തിവയ്പ്ദിനങ്ങളിലെ വാടകയായി അനുവദിച്ച 6960 രൂപയുടെ ചെലവ് നിരാകരിക്കുന്നു

## 3-11 കൈപ്പറ്റ് രസീതും വിനിയോഗസാക്ഷ്യപത്രവും ഇല്ല. 365915/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

സെക്രട്ടറി 2016-17 ൽ നടപ്പിലാക്കിയ താഴെച്ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിൻെറ ഭാഗമായി ട്രഷറിയിൽ നിന്നും പിൻവലിച്ച് വിവിധ ഏജൻസികൾക്ക് നൽകിയിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഫയലിൽ കാണുന്നില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോ.നം./പേര് | തുക കൈപ്പറ്റിയ സ്ഥാപനം | ബിൽ നമ്പർ/തിയതി | തുക |
|---|---|---|---|---|
| 1. | 158/17-ഐ കെ എമ്മിന് പഞ്ചായത്ത് ഷെയർ നൽകൽ | ഐ കെ എം | 12/9-3-2017 | 115915 |
| 2 | 163/17-തരിശുഭൂമിയിൽ പാട്ടകൃഷി -പഞ്ചായത്ത് വിഹിതം | കുന്നമ്മൽബ്ളോക്ക് | 45/31-3-2017 | 100000 |
| 3 | 159/17-സാമൂഹ്യ സുരക്ഷാമിഷന് സംഭാവന | സാമൂഹ്യ സുരക്ഷാമിഷൻ | 13/9-3-2017 | 250000 |
| | ആകെ | | | 3.65,915 |

രേഖകളുടെ അഭാവത്തിൽ 365915/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

## 3-12 വാഹനം- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വാഹന ഉപയോഗം സംബന്ധിച്ച് 30-6-2007 ൽ ,ജി ഒ (എം എസ്) 170/07 /ത. സ്വ.ഭ.വ.നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ,ഈ ഉത്തരവുകളിലെ

വ്യവസ്ഥകളൊന്നും ഗ്രാമപഞ്ചായത്തിൻെറ ഉപയോഗത്തിലുള്ള K L 18 H 9090 നമ്പർ ബൊലോറൊ ജീപ്പിൻെറയും ,KL 11 C 1543 നമ്പർ ട്രാക്ടറിൻെറയും കാര്യത്തിൽ പാലിക്കുന്നതായി കാണുന്നില്ല.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ എല്ലാവാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസർ സ്ഥാപനത്തിൻെറ സെക്രട്ടറിയായിരിക്കുമെന്നും ,വാഹനങ്ങളുടെ ശരിയായ ഉപയോഗം,സംരക്ഷണം, ഉപയോഗത്തിൻെറ നിയന്ത്രണം എന്നിവ ഓരോ കസ്റ്റോഡിയൻ ഓഫീസറുടെയും ചുമതലയായിരിക്കുമെന്നും മേൽ സൂചന ഉത്തരവിൽ പറയുന്നുണ്ടെങ്കിലും 10-6-2016 ന് ശേഷം കസ്റ്റോഡിയൻ ഓഫീസർ വാഹന പരിശോധന നടത്തിയതായി ലോഗ് ബുക്കിൽ കാണുന്നില്ല. 2016-17 ൽ ഒരുലക്ഷത്തിലധികം രൂപയുടെ ഡീസൽ ഉപയോഗിച്ചിട്ടുണ്ട്.

മറ്റ് അപാകതൾ താഴെ ചേർക്കുന്നു

1)ഓരോ വാഹനത്തെ സംബന്ധിച്ചും ലോഗ്ബുക്ക്, പെട്രോൾ, ഡീസൽ, ഗ്യാസ് മുതലായവക്കുള്ള ഓർഡർ ബുക്ക് , റിപ്പയർ രജിസ്റ്റർ , സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന് ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കണമെന്ന് സർക്കാർ ഉത്തരവിൽ പറയുന്നുണ്ടെങ്കിലും പഞ്ചായത്തിൽ ആകെ ലോഗ് ബുക്ക് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ലോഗ് ബുക്ക് ആകട്ടെ അപൂർണ്ണവും

2) ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യുവൽ കൺസംഷൻ ടെസ്റ്റ് നടത്തേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് വാഹനങ്ങളുടെ ടെസ്റ്റ് നടത്തിയിട്ട് വർഷങ്ങളായി.

3)കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിന്റെ ഇന്ധനടാങ്കിൽ പൂർണ്ണമായി ഇന്ധനം നിറക്കണമെന്നും , ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്നമാണ് വ്യവസ്ഥയെങ്കിലും, ഇപ്രകാരം ചെയ്യുന്നില്ല.

4)ലോഗ് ബുക്ക്- അപാകതകൾ

(1)വാഹനത്തിന് നടത്തുന്ന അറ്റകുറ്റ പണികളുടെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

(2) ഒരു ദിവസം ഒന്നിലധികം യാത്രകൾ നടത്തിയാലും പോയ സ്ഥലങ്ങൾ കൃത്യമായി രേഖപ്പെടുത്താതെ (തിരിച്ച് വരുന്നതുൾപ്പെടെ) തുടർച്ചയായി ഓടിക്കൊണ്ടിരിക്കുന്ന ഒറ്റ യാത്രയായിട്ടാണ് രേഖപ്പെടുത്തിവരുന്നത്. ലോഗ് ബുക്കിൽ ഒരിടത്തുപോലും വാഹനം

നിർത്തിയിട്ടതായി രേഖപ്പെടുത്തിയിട്ടില്ല.

(3) യാത്ര ചെയ്യുന്ന ഉദ്ദോഗസ്ഥർ യാത്ര ആരംഭിച്ച സമയവും,അവസാനിപ്പിച്ചസമയവും രേഖപ്പെടുത്തി ഒപ്പിടുന്നില്ല.

സൂചന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് വാഹനം ദുരുപയോഗം ചെയ്യുന്നില്ല എന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്

## **3-13** <u>കന്നുകുട്ടി പരിപാലന പദ്ധതി -അടവാക്കിയ തുകയുടെ കൈപറ്റ് രശീതി ,വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല</u>

പ്രൊജക്റ്റ് നമ്പർ 7/16-17

വകയിരുത്തിയ തുക 2500000(വി.ക ഫണ്ട് 625000

ഉ .വിഹിതം 1250000

മറ്റുള്ളവ 625000)

ചെലവുതുക 625000( ബിൽ നമ്പർ 1/16-17dt27.2.17

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം മേൽ പ്രൊജക്റ്റ് പ്രകാരം 100 കന്നുകുട്ടി കൾക്കുള്ള കാലിതീറ്റ സബ്സിഡിവിഹിത മിനത്തിൽ 625000 രൂപ അസി .ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് കൈമാറിയിട്ടുണ്ട്. തുക കൈപറ്റിയതിന്റെ കൈപറ്റ് രശീതി, ആയതിന്റെ വിനിയോഗ സാക്ഷപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത്

പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക 625000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-14 ദേശിയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി--നൂറ് തൊഴിൽ ദിനങ്ങൾ ലഭ്യമായ കുടുംബങ്ങൾ നാമമാത്രം

2016-17 സാമ്പത്തിക വർഷത്തിൽ ദേശിയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി പ്രകാരംമൊത്തം 3371 കുടുംബങ്ങളിലായി 6528 പേർക്ക് തൊഴിൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. 2016-17ൽ 2140 കുടുംബങ്ങളിലായി 2367 പേർതൊഴിലിന് അപേക്ഷിക്കുകയും അത്രയും പേർക്ക് തന്നെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷം 239 പ്രവർത്തികളിലായി 86227 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 19179131 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വളരെ കുറഞ്ഞ കുടുംബങ്ങൾക്ക് മാത്രമെ 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുള്ളൂ. സാമ്പത്തികവർഷം നൂറ് തൊഴിൽ ദിനങ്ങൾ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 27 മാത്രമാണ്. ദേശീയ ഗ്രാണീണ തൊഴിലുറപ്പപദ്ധതി പ്രകാരം പണിയെടുത്തശേഷം വേതനം നൽകുന്നതിന് 14 ദിവസത്തിൽ അധികരിക്കാൻപാടില്ല.എന്നാൽസാമ്പത്തികവർഷം പൂർത്തീകരിച്ച 19 പ്രവർത്തികളിലായി 1783489 രൂപ 2017-18 സാമ്പത്തിക വർഷത്തിലാണ് നൽകിയിരിക്കുന്നത്.

ഷെൽഫ് ഓഫ് പ്രൊജക്റ്റ് പ്രകാരം 331 പ്രവർത്തികൾക്കായി 44443500രൂപ വകയിരുത്തിയതിൽ 258 പ്രവർത്തികൾ മാത്രമാണ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. ആയതിന് മൊത്തം 20962620 രൂപ തൊഴിലാളികളുടെ കൂലി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.നടപ്പിലാക്കിയ പ്രവർത്തികളിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കപ്പെടുന്ന പ്രവർത്തികൾ വളരെ കുറവാണ്

## 3-15 ആശ്രയ പ്രൊജക്റ്റ് -ചലഞ്ച് ഫണ്ട് വിനിയോഗിക്കാത്തതും മറ്റ് അപാകതകളും

ആശ്രയ ഒന്നാംഘട്ട പ്രൊജക്റ്റിൽ ഉൾപ്പെട്ട 35 കുടുംബങ്ങൾക്കായി 2005-06 സാമ്പത്തിക വർഷത്തിൽ ചലഞ്ച് ഫണ്ടിനത്തിൽ ലഭ്യമായ 10 ലക്ഷം രൂപയിൽ 31.3.17ൽ 759117 രൂപ നീക്കിയിരിപ്പുണ്ട്. ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്യുന്നതിന് മാത്രമെ മേൽ തുക വിനിയോഗിക്കുന്നുള്ളൂ. മേൽഫണ്ട് വിനിയോഗിക്കാവുന്ന ചികിത്സ വിദ്യാഭ്യാസം എന്നിവക്കായി ചെലവൊന്നും നടത്തുന്നില്ല. 2013ൽ ആരംഭിച്ച രണ്ടാം ഘട്ട ആശ്രയ പ്രൊജക്റ്റിൽ നിലവിൽ 81 പേർ ഉൾപ്പെട്ടിട്ടുണ്ട്.മേൽ ഉണഭോക്താക്കൾക്കും കുടുംബശ്രീമുഖേന ഭക്ഷണകിറ്റ് മാത്രമെ വിതരണം ചെയ്യുന്നുള്ളൂ.രണ്ടാംഘട്ട ആശ്രയ പ്രൊജക്റ്റ് ഭക്ഷണകിറ്റ് വിതരണത്തിന് സാമ്പത്തിക വർഷത്തിൽ 268804 രൂപ വിനിയോഗിച്ചിട്ടുണ്ട്.രണ്ടാംഘട്ടപ്രൊജക്റ്റിലും വിദ്യാഭ്യാസം ,ചികിത്സ മുതലായവക്ക് തുകയൊന്നും വിനിയോഗിക്കപ്പെട്ടിട്ടില്ല. 2013ലെ രണ്ടാംഘട്ട പ്രൊജക്റ്റിൽ ഉൾപ്പെട്ട 32 പേർക്ക് വീട് ആവശ്യ മുള്ളതിൽ 18 പേർക്ക് മാത്രമെ നാളിതുവരെ ഭവനനിർമ്മാണത്തിന് ധനസഹായം വിതരണം ചെയ്തിട്ടുള്ളൂ. ഭവന റിപ്പയർ ആവശ്യമുള്ള മൂന്ന് പേർക്കും കുടിവെള്ളം ആവശ്യമുള്ള ഒൻപത് പേർക്കും ആയത് ലഭ്യമാക്കാൻ ഗ്രാമ പഞ്ചായത്ത് നടപടികൾ കൈകൊണ്ടതായി ക്കാണുന്നില്ല.

## 3-16 കൊടുംവേനലിൽ തൈകളും വളങ്ങളും വിതരണം ചെയ്തു

2016 -17 ൽ കൃഷി ഓഫീസർ - ജെ എൽ ജി ക്ക് വാഴവിത്ത് വിതരണം(പ്രൊ.30/17), ഇടവിളകൃഷി കിറ്റ് വിതരണം(പ്രൊ.28/17), തെങ്ങ്കൃഷിക്ക് ജൈവവളം(പ്രൊ.9/17)എന്നീ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.ഈ പദ്ധതികൾ പ്രകാരമുള്ള തൈകളും വളവും നല്ല വേനൽക്കാലത്താണ് വിതരണം ചെയ്തിരിക്കുന്നത്.

തൈകൾ നടേണ്ടതും വളം ഇടേണ്ടതും കാലവർഷാരംഭത്തിലോ മഴ മാറുന്നതിന് മുമ്പോവേണമെന്നിരിക്കെ തൈകൾ നട്ടാൽ ഉണങ്ങിപ്പോകുന്ന നല്ലവേനൽക്കാലത്താണ് തൈകളും വളവും വിതരണം ചെയ്തിരിക്കുന്നത്

പദ്ധതിപ്പണം ചെലവഴിച്ചു എന്നതിലുപരി ഈ പദ്ധതികൾ നടപ്പിലാക്കിയതുവഴി കർഷകർക്ക് എന്തെങ്കിലും പ്രയോജനം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

കാലവർഷാരംഭത്തിലോ മഴമാറുന്നതിന് മുമ്പോ തൈവിതരണം,വളം വിതരണം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമെ പദ്ധതികളുടെ പ്രയോജനം കർഷകർക്കും കാർഷികമേഖലയ്ക്കും ലഭിക്കുകയുള്ളൂ. കാർഷിക പദ്ധതികൾ അനവസരത്തിൽ നടപ്പാക്കാനിടയായത് ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും വീഴ്ചയായി കാണേണ്ടിയിരിക്കുന്നു

ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷാരംഭത്തിൽ തന്നെ ഗ്രാമസഭകൾ വിളിച്ചുചേർത്ത് ഗുണഭോക്തൃലിസ്റ്റ് തയാറാക്കുന്നതിനും പദ്ധതികൾ ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കുന്നകാര്യത്തിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 31.03.2017 | 200000 | ക്ഷീരഗ്രാമ പദ്ധതി | 100000 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 16.03.2017 | 100000 | പാൽ ഉൽപ്പാദന ഇൻസെന്റീവ് | 35110 | 64890 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1999-2000 | 42 | 2001-02 | 11(1) | വസ്ത്ര നിർമ്മാണം- വനിത കൾക്ക് തൊഴിൽ പരിശീല നം | 1105/- രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ 2006-08 അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട് (റിപ്പോർട്ട് നം-2ഖണ്ഡിക 135,136) |
| 1999-2000 | 47 | 2001-02 | 11(2) | പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതി ന് ധനസഹായം നൽകൽ | അനധികൃതമായി കൈപ്പ റ്റിയ തുക ഈടാക്കണം (റിപ്പോർട്ട് നം-2ഖണ്ഡിക 142) |
| 2000-01 | 3-2 | 2004-05 | 11(3-19) | നികുതി കുടിശ്ശിക | |
| 2001-02 | 3-2 | 2005-06 | 70(14-22) 70(5,6) 6(5) | നികുതി പിരിക്കുന്നതിൽ അലംഭാവം കുടിശ്ശിക വർദ്ധിക്കുന്നു. | |
| 2002-03 | 2-4 | 2006-07 | 3.79.1 | പിരിച്ചെടുക്കാത്ത തുകകൾ കാലഹരണപ്പെട്ടത് | |
| 2002-03 | 3-4 | 2006-07 | 3.79.1 | ചാത്തങ്കോട്ടുനട പട്ടികവർഗ്ഗ കോളനി പൊതുകിണർ | |
| 2002-03 | 3-7 | 2006-07 | 3.79.18 | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി | |

| | | | | | |
|---|---|---|---|---|---|
| 2003-04 | 2-2 | 2006-07 | 3.79.1 | നികുതി കുടിശ്ശിക കാലഹരണപ്പെട്ടു | |
| 2003-04 | 3-5 | 2006-07 | 3.79.1 | കുണ്ടുതോട്ഏലക്കണ്ടി- കുരുടൻ കടവ് കുടിവെള്ള പദ്ധതി | |
| 2003-04 | 3-4(1) | 2006-07 | 3.79.1 | ചീളിയോട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് പ്രവർത്തി പൂർത്തീകരിക്കാതെ അവസാനിപ്പിച്ചു | |
| 2003-04 | 3-4(2) | 2006-07 | 3.79.1 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം- പദ്ധതിലക്ഷ്യം കൈവരിച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44959273 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36391567 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6960/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1223415/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | | 6960/- | ഡെയ്സി ഗൗർ<br>മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 82500 | സന്തോഷ് . എസ് ആർ<br>അസി. സെക്രട്ടറി |
| 3-9 | 150000 | സന്തോഷ് . എസ് ആർ<br>അസി. സെക്രട്ടറി |
| 3-11 | 365915 | രാജശ്രീ. സി എച്ച്<br>സെക്രട്ടറി |
| 3-13 | 625000 | കെ ജെ വർഗ്ഗീസ്<br>സീനിയർ വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡെയ്സി ഗൗർ<br>മെഡിക്കൽ ഓഫീസർ (പി എച്ച് സി) | മെഡിക്കൽ ഓഫീസർ (പി എച്ച് സി കുണ്ടുതോട്) | ഉരു സുകൃതം<br>1/727 വെസ്റ്റ് അവന്യൂ ഹൗസിംഗ് കോംപ്ലക്സ്,<br>വെസ്റ്റ് ഹിൽ . പി ഒ<br>കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി6/1593(08)/09 തീ: 27-4-2011 | 4 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി6/1593(09)/09 തീ: 27-4-2011 | 8 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി6/1593(10)/09 തീ: 27-4-2011 | 5 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി6/782(എ)/12(1) തീ:4-6-2012 | 8 |
| 2000-01 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/എസ്2/158/04 തീ: 13-5-2014 | 3 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/എസ്2/1332/03 തീ: 13-05-2014 | 5 |
| 2001-02 (വരവ്ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി6/782(എ)/12(3) തീ: 4-6-2012 | 3 |
| 2001-02 (പദ്ധതി) | എൽ.എഫ്.കെ.കെ.ഡി/പി6/782(എ)/12(4) തീ: 4-6-2012 | 1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/S1/804/05 തീ: 21-10-2005 | 9 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.കെ.കെ.ഡി/P6/1120(1)/09 തീ: 20-5-210 | 11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/P6/1120(2)/09 തീ: 20-5-210 | 5 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/1120(3)/09 തീ: 20-5-210 | 14 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/P6/83/2011 തീ: 10-5-2011 | 10 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി6/1415/11 തീ: 02-05-12 | 17 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/P6/1707/12 തീ: 23-8-13 | 8 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/P6/1706/12തീഃ 15-7-13 | 3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി6/803/14 തീ: 9-3-15 | 18 |
| 2011-12, 2013-14 | എൽ.എഫ്.കെ.കെ.ഡി പി6/255/2015 | |
| 2014-15 | എൽ.എഫ്.കെ.കെ.ഡി/പി6 1212/16 | |
| 2015-16 | എൽ.എഫ്.കെ.കെ.ഡി/പി6/20/17 തി. 23.01.2017 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## <u>അനുബന്ധം **1**</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.കെ.കെ.ഡി.പി6/1644/17.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി: 17-08-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിൻെറ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

No. KSA.KKD-P6/1644/2017.

Kerala State Audit Department,
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 17-08-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kavilumpara Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kavilumpara Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR
District Audit Office, Kozhikode.